## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 604 09.07.2013-ൽ മറുപടിയ്ക്ക്

## <u>സംസ്ഥാനത്തെ ക്രമസമാധാന നില</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. വി . വിജയദാസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രമസമാധാന നിലയെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ സർക്കാർ തലത്തിൽ നടത്തിയ വിലയിരുത്തൽ എപ്പോഴായിരുന്നു; | (എ) സംസ്ഥാനത്തെ ക്രമസമാധാന നില സംബന്ധിച്ച് പോലീസ് സ്റ്റേഷൻ തലം മുതൽ സംസ്ഥാന തലം വരെ അവലോകനം നടത്താറുണ്ട്. 2013 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലെ സംസ്ഥാനതല അവലോകനയോഗം പോലീസ് ആസ്ഥാനത്ത് വച്ച് സംസ്ഥാന പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ 15.06.2013 ൽ കൂടുകയും കുറ്റകൃത്യങ്ങളെയും പോലീസ് നടപടികളെയും സംബന്ധിച്ച് വിശകലനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ക്രമസമാധാന തകർച്ചയ്ക്കിടയാക്കുന്ന പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ക്രമസമാധാന തകർച്ച ഉണ്ടായിട്ടില്ല. ക്രമസമാധാന പാലനത്തിൽ പോലീസ് യാതൊരു വീഴ്ചയും വരുത്തുന്നില്ല. നിലവിലുള്ള പ്രധാന ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ച് 15.06.2013 ൽ കൂടിയ അവലോകനത്തിൽ വിശദമായി ചർച്ച ചെയ്യുകയും ക്രമസമാധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട |

ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ ശക്തമാക്കുന്നത് സംബന്ധിച്ചും തീരദേശ സുരക്ഷാ ശക്തമാക്കുന്നത് സംബന്ധിച്ചും മറ്റ് ക്രമസമാധാന പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും തീരുമാനമെടുത്തിട്ടുണ്ട്.

| | |
|---|---|
| (സി) പോലീസ് സേനയിലെ രാഷ്ട്രീയവല്ക്കരണം ക്രമസമാധാന പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നതിനിടയാക്കിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) പോലീസ് സേനയിൽ രാഷ്ട്രീയ വൽക്കരണം ഉണ്ടായിട്ടില്ല. ക്രമസമാധാനപാലനത്തിൽ കക്ഷിരാഷ്ട്രീയ ഭേദമന്യേ കർശനമായ നിയമ നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ